പ്രഫ. കെ കെ ജോർജ്/ കെ പി സേതുനാഥ്

# കേരളമാതൃക അതിജീവിക്കുമോ?



**കൊ**റോണ മഹാമാരിയായി പടരുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പാണ് കെ കെ ജോർജ് സാറിനെ കാണുന്നത്. ആരോഗ്യപരമായ അസ്കിതകൾ ഉണ്ടായിരുന്നെങ്കിലും തന്റെ സ്വതസിദ്ധമായ നർമത്തിൽ ചാലിച്ച 'അണ്ടർ സ്റ്റേറ്റുമെന്റുക ൾ' നിറഞ്ഞ പതിവു സംഭാഷണത്തിൽ അദ്ദേഹം മുഴുകി. കേരളത്തിന്റെ സാമ്പത്തിക മേഖലയെപ്പറ്റിയുള്ള മൗലികമായ നിരവധി പഠനങ്ങളുടെ രചയിതാവെന്ന നിലയിൽ മാത്രമല്ല, കഴിഞ്ഞ നൂറ്റാണ്ടിലെ കേരളത്തിന്റെ സാമൂഹികപരിണാമത്തിന്റെ ചില സവിശേഷതകളെ സൂക്ഷ്മമായി നിരീക്ഷണവിധേയനാക്കിയ സാമൂഹികശാസ്ത്രജ്ഞന്റെ അനുഭവങ്ങൾ എന്ന നിലയിൽ കൂടിയാണ് കെ കെ ജിയുടെ നിഗമനങ്ങളെ ശ്രദ്ധേയമാക്കുന്നത്.

നാട്ടുമ്പുറത്തെ സ്കൂളിൽ നിന്ന് കോളജിലേക്കും പിന്നെ തിരുവനന്തപുരം, കൊച്ചി പോലുള്ള പട്ടണങ്ങളിലേക്കും അ

വിടെനിന്ന് കൽക്കത്ത, ബോംബെ തുടങ്ങിയ മഹാനഗരങ്ങളിലേക്കുമുള്ള യാത്രകളിലൂടെ രൂപപ്പെടുന്ന മലയാളിയുടെ വ്യക്തിത്വവും, അതുവഴി സ്വായത്തമായ അറിവുകളും, അനുഭവങ്ങളും ചേർന്ന ഒരു ജ്ഞാനമണ്ഡലത്തിലാണ് കേരളമാതൃകയെ പറ്റിയുള്ള കെ കെ ജിയുടെ നിരീക്ഷണങ്ങൾ മൗലികമായ പഠനത്തിന്റെ ഭാഗമാവുന്നത്. എല്ലാവരാലും കൊണ്ടാടപ്പെടുന്ന കേരളമാതൃകയുടെ സാമ്പത്തിക സാമൂഹിക അടിത്തറ ഇല്ലാതാവുന്നതിന്റെ കാര്യകാരണങ്ങൾ വിശദീകരിക്കുന്ന പഠനങ്ങളിൽ 1980കൾ മുതൽ വ്യാപൃതനാണ് അദ്ദേഹം. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സാമ്പത്തിക, വിഭവ കൈമാറ്റവുമായി ബന്ധപ്പെട്ട പഠനങ്ങളിലൂടെയാണ് അദ്ദേഹം കേരളമാതൃകയുടെ നേട്ടങ്ങളിലും കോട്ടങ്ങളിലും എത്തുന്നത്. അന്തരിച്ച പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോ. ഐ എസ് ഗുലാത്തിയുമായി ചേർന്നാണ് കെ കെ ജി തന്റെ ഗവേഷണ പഠനങ്ങൾ തുടങ്ങുന്നത്. കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങളിലേക്കുള്ള വിഭവകൈമാറ്റത്തെ പറ്റി 1988ൽ ഇരുവരും ചേർന്ന് തയ്യാറാക്കിയ ഫെഡറൽ ഫിനാൻഷ്യൽ റിലേഷൻസ് എന്ന പഠനം 1951മുതൽ 1984വരെയുള്ള കാലഘട്ടത്തിലെ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങളിലേക്കുള്ള വിഭവ കൈമാറ്റത്തിന്റെ വിശകലനമാണ്. വിഭവകൈമാറ്റത്തിന്റെ വിവരണാത്മകമായ ചരിത്രമെന്നതിലുപരി സംസ്ഥാനങ്ങളുടെ സാമ്പത്തികാധികാരങ്ങൾ ക്രമേണ ശോഷിക്കുന്നതും ഫെഡറൽ ഘടന ദുർബലമാവുന്നതും ഈ പഠനം വിശദീകരിക്കുന്നു. അതിനു ശേഷമാണ് അദ്ദേഹത്തിന്റെ വിഖ്യാത പഠനമായ ലിമിറ്റ്സ് ടു കേരള മോഡൽ ഓഫ് ഡെവലപ്മെന്റ്: ആൻ അനാലിസിസ് ഓഫ് ഫിസ്കൽ ക്രൈസിസ് ആന്റ് ഇറ്റ്സ് ഇംപ്ലിക്കേഷൻസ് പുറത്തു വരുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷനുകളുടെ മുൻഗണനാക്രമത്തിൽ വന്ന മാറ്റങ്ങളുടെ ഫലമായി കേരളത്തിനു സംഭവിക്കുന്ന ഭീമമായ വരുമാന നഷ്ടങ്ങളെപ്പറ്റിയുള്ള പഠനങ്ങൾ, വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങൾ തുടങ്ങിയ വൈവിധ്യങ്ങളായ വിഷയങ്ങളെപ്പറ്റിയുള്ള ഗവേഷണങ്ങളും പഠനങ്ങളും കെ കെ ജിയുടെ കാർമികത്വത്തിൽ കഴിഞ്ഞ കാലങ്ങളിൽ പുറത്തു വന്നിട്ടുണ്ട്. രാഷ്ട്രീയ അധികാര കേന്ദ്രങ്ങളുമായി ഒരു പണ്ഡിതൻ പുലർത്തേണ്ടുന്ന അകലം എക്കാലത്തും പുലർത്തിയതിനാൽ കേരളത്തിൽ പൊതുവെ 'ആഘോഷിക്കപ്പെടുന്ന' സാമ്പത്തിക പണ്ഡിതരുടെ നിരയിൽ അദ്ദേഹം ഉണ്ടാവില്ല. കെ കെ ജിയുമായുള്ള സംഭാഷണത്തിന്റെ പ്രസക്തഭാഗങ്ങൾ. കൊറോണയ്ക്കു മുമ്പുതന്നെ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിന്റെ സാമ്പത്തിക മേഖല വരുംദിനങ്ങളിൽ കൂടുതൽ കടുത്ത പ്രതിസന്ധിയിലേക്കു കൂപ്പുകുത്തുന്നതിന്റെ പശ്ചാത്തലം ഈ സംഭാഷണത്തിൽ വ്യക്തമാണ്.

*ചോദ്യം: കേരളത്തിന്റെ സാമ്പത്തികമേഖലയുമായി ബന്ധപ്പെട്ട സംവാദങ്ങളിലെല്ലാം നിറഞ്ഞുനിൽക്കുന്ന കേരള മാതൃകയുടെ സവിശേഷതകൾ സുവിദിതമാണ്. കേരളമാതൃകയുടെ ഭാവിയെപ്പറ്റി വളരെ കാലങ്ങൾക്കു മുമ്പുതന്നെ സംശയങ്ങൾ ഉയർത്തിയവരിൽ ഒരാളാണ് താങ്കൾ. 1980കളുടെ അവസാനത്തിൽ തന്നെ ഈ ദിശയിലുള്ള സംവാദങ്ങളിൽ സജീവമായിരുന്ന താങ്കൾ ഇപ്പോഴത്തെ സാഹചര്യത്തെ എങ്ങനെ വിലയിരുത്തുന്നു?*

ഉ: രേഖീയമായ പുരോഗതിയുടെ ഒരു ചരിത്രമല്ല കേരളമാതൃക. വ്യത്യസ്തങ്ങളായ പല ഘടകങ്ങളും അതിന്റെ ഭാഗമാണ്. വിദ്യാഭ്യാസം ഉദാഹരണമാണ്. സ്വകാര്യമേഖലയുടെ പങ്കാണ് ഇവിടെ ശ്രദ്ധേയമായിട്ടുള്ളത്. സ്വകാര്യമേഖല എന്നു പറയുമ്പോൾ വ്യക്തിപരമായ മുതലാളിമാരെക്കാൾ ഒരു കമ്മ്യൂണിറ്റി എന്ന നിലയിലാണ് അത് പ്രവർത്തിച്ചതെന്നു കാണാനാവും. പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യൻ സമുദായമായിരുന്നു അതിനുള്ള തുടക്കമിട്ടത്. കത്തോലിക്കാ സഭ പിന്നീടാണ് വരുന്നത്. അക്ഷര വിരോധികളായിരുന്നു തുടക്കത്തിൽ കത്തോലിക്കാ സഭ. വിശ്വാസികളായ പൊതുജനം ബൈബിളടക്കം വായിക്കുന്നതിന് എതിരായിരുന്ന കത്തോലിക്കാസഭ പ്രൊട്ടസ്റ്റന്റ് സഭകളിൽ നിന്നുള്ള മത്സരം നേരിടുന്നതിന്റെ ഭാഗമായാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നത്. ഈയൊരു പ്രവണത പിന്നീട്

**മാനേജുമെന്റുകൾക്ക് ഇഷ്ടാനുസരണം നിയമനം നടത്തുന്നതിനും അങ്ങനെ നിയമിക്കുന്നവർക്ക് സർക്കാർ ഖജനാവിൽ നിന്നു ശമ്പളം കൊടുക്കുന്നതിനുമുള്ള ഏർപ്പാടാണ് ഞാൻ ഉദ്ദേശിച്ചത്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുത്തനെ താഴുന്നതിനും സർക്കാരിന്റെ ചെലവു നിരന്തരം വർധിക്കുന്നതിനും ഈയൊരു സംവിധാനം വഴിയൊരുക്കി.**



പ്രഫ. കെ കെ ജോർജും ലേഖകനും

നായർ, ഈഴവ സമുദായങ്ങളും പിന്തുടർന്നു. സ്കൂളുകളും മറ്റും തുടങ്ങുന്നതിൽ പ്രകടമായിരുന്ന മാറ്റൊരു പ്രവണത അതാതു സമൂഹങ്ങളിലെ ജനങ്ങളുടെ പങ്കാളിത്തമായിരുന്നു. നാട്ടുകാരിൽ നിന്ന് നെല്ലും അരിയും നാളികേരവുമെല്ലാം പിരിവായി സ്വീകരിച്ചു കൊണ്ടാണ് മിക്കവാറും സ്കൂളുകൾ തുടങ്ങിയിട്ടുള്ളത്. 'പിടിയരി' വാങ്ങിയതിന്റെ കഥ എല്ലാ പഴയ സ്കൂളുകളുടെയും ചരിത്രത്തിന്റെ ഭാഗമാണ്. തിരുവിതാംകൂറിലെ രാജഭരണവും വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വേണ്ടത്ര പ്രോത്സാഹനം നൽകിയിട്ടുണ്ട്. ഈയൊരു പ്രക്രിയ വലിയ അപചയത്തിനു വിധേയമാവുന്ന കാഴ്ചയ്ക്കാണ് കഴിഞ്ഞ കുറച്ചു ദശകങ്ങളായി നാം സാക്ഷ്യം വഹിക്കുന്നത്. സമുദായത്തിന്റെ പൊതുസമ്പത്തുപയോഗിച്ച് തുടങ്ങിയ ഭൂരിഭാഗം സ്ഥാപനങ്ങളും ഇപ്പോൾ അതാതു മാനേജുമെന്റുകൾക്ക് കോഴ വാങ്ങുന്നതിനുള്ള ഉപകരണങ്ങളായി മാറിയതാണ് ഇതിൽ ഏറ്റവും പ്രധാനം. അധ്യാപക നിയമനം മുതൽ വിദ്യാർത്ഥി പ്രവേശനം വരെ ഈ രീതി വ്യാപകമായി. 1970കളിൽ നടപ്പാക്കിയ ഡയറക്ട് പേമെന്റ് സംവിധാനം ഇവിടത്തെ രാഷ്ട്രീയ നേതൃത്വത്തിനും സ്വകാര്യ വിദ്യാഭ്യാസ മാനേജുമെന്റുകൾക്കും ഉചിതമായ 'വിൻവിൻ' അവസ്ഥ എന്നു പറയാവുന്ന സ്ഥിതിവിശേഷമുണ്ടാക്കി. മാനേജുമെന്റുകൾക്ക് ഇഷ്ടാനുസരണം നിയമനം നടത്തുന്നതിനും അങ്ങനെ നിയമിക്കുന്നവർക്ക് സർക്കാർ ഖജനാവിൽ നിന്നു ശമ്പളം കൊടുക്കുന്നതിനുമുള്ള ഏർപ്പാടാണ് ഞാൻ ഉദ്ദേശിച്ചത്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുത്തനെ താഴുന്നതിനും സർക്കാരിന്റെ ചെലവു നിരന്തരം വർധിക്കുന്നതിനും ഈയൊരു സംവിധാനം വഴിയൊരുക്കി. കേരള മാതൃകയുടെ, ഒരുപക്ഷേ, ഗുണപരമായ രീതിയിൽ വികസിക്കേണ്ടിയിരുന്ന ഒരു സാധ്യത അതിന്റെ നേർ വിപരീതദിശയിലേക്ക് വഴിമാറുന്നതിനാണ് ഈയൊരു സംവിധാനം സഹായിച്ചത്. ജാതിമത ഭേദമില്ലാതെ സ്വകാര്യ മാനേജുമെന്റുകളുടെ കോഴ സാർവത്രികമായിരിക്കുന്നു. അതിന്റെ തിക്തഫലം അനുഭവിക്കുന്നത് സർക്കാരും സാധാരണ ജനങ്ങളുമാണ്. വിദ്യാഭ്യാസത്തിന്റെ കാര്യമെടുത്താൽ ഈയൊരു യാഥാർത്ഥ്യത്തെ അഭിസംബോധന ചെയ്യുന്നതിനു പകരം കേരളമാതൃകയുടെ നേട്ടങ്ങളെപ്പറ്റി മാത്രം പറയുന്നതിൽ വലിയ അർത്ഥമൊന്നുമില്ല.

*ചോ: കേരളം അടിക്കടി നേരിടുന്ന ധനപ്രതിസന്ധി (ഫിസ്ക്കൽ ക്രൈസിസ്) നമ്മുടെ സാമ്പത്തിക സംവാദങ്ങളിലെ സ്ഥിരമായ പ്രമേയമാണ്.*

ഉ: നമ്മുടെ രൂക്ഷമായ ധനപ്രതിസന്ധി വളരെയധികം അനുഭവപ്പെടുന്ന മേഖലകളാണ് വിദ്യാഭ്യാസവും ആരോഗ്യവും. അധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും പെൻഷനും നൽകാനുള്ള തുക കഴിഞ്ഞാൽ വിദ്യാഭ്യാസത്തിന്റെ സർവതോമുഖമായ അഭിവൃദ്ധി

ക്കുവേണ്ടി ചെലവഴിക്കാനുള്ള പണം നമുക്കില്ല. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. ചുരുക്കം ചില സ്ഥാപനങ്ങൾ ഒഴിച്ചാൽ സർക്കാർ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളും മറ്റും ശോചനീയമായ അവസ്ഥയിലാണ്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരത്തിൽ വന്ന തകർച്ചയാണ് ഇതുമായി ബന്ധപ്പെട്ട മറ്റൊരു വിഷയം. അധ്യാപക സംഘടനകൾ പ്രബലമായത് അതിനുള്ള ഒരു കാരണമാണ്. സംഘടിതശക്തി പ്രബലമായതോടെ തങ്ങളുടെ തൊഴിലിൽ അധ്യാപകർക്ക് വേണ്ടത്ര താൽപര്യം ഇല്ലാതായി. ഇപ്പോൾ ആ സ്ഥിതി കുറച്ചു മാറി. കുട്ടികൾ ഇല്ലാതായാൽ തസ്തിക ഇല്ലാതാവുമെന്ന പേടിയാണ് അതിനുള്ള പ്രേരണ. സ്വാശ്രയ സ്ഥാപനങ്ങളുടെ കടന്നുവരവാണ് മറ്റൊരു വശം. പഴയകാലത്ത് മാർക്കിന്റെ അടിസ്ഥാനത്തിലായിരുന്നു മെഡിസിനും എൻജിനീയറിങ്ങും പോലുള്ള കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചിരുന്നത്. എൻട്രൻസ് വന്നതോടെ വിദ്യാഭ്യാസത്തിന്റെ മുഴുവൻ ശ്രദ്ധയും ഈ മത്സരപരീക്ഷകൾ പാസ്സാവുന്നതിൽ മാത്രമായി. എന്റെ സ്കൂൾ പഠനകാലത്ത് ഇതായിരുന്നില്ല സ്ഥിതി. ഞങ്ങളുടെ ഗ്രാമത്തിലെ സ്കൂളിന്റെ റിസൽട്ട് അന്നത്തെ ഉയർന്ന സ്ഥാപനമായി കണക്കാക്കിയിരുന്ന തിരുവനന്തപുരത്തെ മോഡൽ സ്കൂളിന് തുല്യമായിരുന്നു. മാർക്കിന്റെ അടിസ്ഥാനത്തിൽ എനിക്കു വേണമെങ്കിൽ മെഡിസിനോ, എൻജിനീയറിങ്ങിനോ അഡ്മിഷൻ ലഭിക്കുമായിരുന്നു. ചീഫ് എൻജിനീയർമാരും മറ്റുമായി മാറിയ എന്റെ സഹപാഠികളിൽ പലരും ഗ്രാമീണ സ്കൂളുകളിൽ പഠിച്ചവരായിരുന്നു. ഇന്നത്തെ സ്ഥിതി അതല്ല. ഇപ്പോൾ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള അകലം വളരെ കൂടുതലാണ്. വർഗ, ജാതി വിഭജനം രൂക്ഷമാണ്. പ്രഫഷണൽ കോഴ്സുകൾ സാധാരണക്കാരായ കുട്ടികൾക്ക് അപ്രാപ്യമായ ഒന്നായി മാറിയിരിക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ അന്തസ്സത്ത തന്നെ ഇല്ലാതാവുന്ന തരത്തിലാണ് എൻട്രൻസ് പരീക്ഷ പാസ്സാവുന്നതിനുള്ള കോച്ചിങ് വ്യവസായത്തിന്റെ തിക്കും തിരക്കും. ഈയൊരു സംവിധാനത്തിന്റെ മറ്റൊരു ദൂഷ്യഫലം സാമൂഹികമായ അവബോധം ഒട്ടും തന്നെയില്ലാത്ത പ്രഫഷണലുകളുടെ ആവിർഭാവമാണ്. സമൂഹവുമായി ഒരു ഓർഗാനിക് ബന്ധം സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിന് സഹായിക്കുന്ന തരത്തിൽ അല്ല ഇന്നത്തെ രീതികൾ. സമ്പത്തിന്റെ കരുത്തിൽ സ്വാധീനമുറപ്പിക്കുന്നവർ കാര്യങ്ങൾ തീരുമാനിക്കുമ്പോൾ ഗു



ണനിലവാരം ഉറപ്പാക്കുന്നതിൽ സർക്കാരുകൾക്ക് കഴിയാതെ പോവുന്നു. പണത്തിന്റെ ശക്തി സ്ഥാപനങ്ങളെയെല്ലാം ഭരിക്കുന്ന സ്ഥിതിയാണ്.

ആരോഗ്യമേഖലയുടെ കാര്യത്തിലും സമാനമായ സ്ഥിതിയാണ്. ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും കഴിഞ്ഞാൽ ആശുപത്രികളിലെ സൗകര്യങ്ങൾ കാലോചിതമായി മെച്ചപ്പെടുത്തുന്നതിനുള്ള പണം പരിമിതമാണ്. കേരളത്തിലെ കുടുംബച്ചെലവിൽ ഇപ്പോൾ ഗണ്യമായ ഭാഗം ചികിത്സയ്ക്കു വേണ്ടിയുള്ളതാണ്. അതിന്റെ സിംഹഭാഗവും സ്വകാര്യ ആശുപത്രികളിലാണ് ചെലവഴിക്കുന്നത്.

**സർക്കാർ സംവിധാനത്തിന്റെ പരിമിതികളും രാഷ്ട്രീയ നേതൃത്വങ്ങളുടെ ഭാവനാരാഹിത്യവും സംസ്ഥാനത്തിന്റെ മുരടിപ്പിനു കാരണമായിട്ടുണ്ട്. കേരളത്തിന്റെ തനതായ മൂലധന രൂപീകരണത്തിനുള്ള സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ നമുക്ക് എത്രത്തോളം കഴിഞ്ഞിട്ടുണ്ടെന്ന കാര്യം ചിന്തിക്കേണ്ട വിഷയമാണ്**

*ചോ: കേരള മാതൃകയുടെ അതിജീവനവുമായി ബന്ധപ്പെട്ട സംവാദങ്ങളിലെല്ലാം ഈ വിഷയങ്ങൾ പലപ്പോഴായി ഉന്നയിക്കപ്പെട്ടിരുന്നു. എന്നാൽ ഈ അവസ്ഥയെ മറികടക്കുന്നതിനുള്ള ഭാവനാപൂർണമായ പദ്ധതികളൊന്നും സംസ്ഥാനത്ത് വരുന്ന സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്ന വിമർശനത്തെ എങ്ങനെയാണ് വിലയിരുത്തുന്നത്?*

ഉ: ഈ വിമർശനം ഏറെക്കുറെ ശരിയാണ്. സർക്കാർ സംവിധാനത്തിന്റെ പരിമിതികളും രാഷ്ട്രീയ നേതൃത്വങ്ങളുടെ ഭാവനാരാഹിത്യവും സംസ്ഥാനത്തിന്റെ മുരടിപ്പിനു കാരണമായിട്ടുണ്ട്. കേരളത്തിന്റെ തനതായ മൂലധന രൂപീകരണത്തിനുള്ള സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ നമുക്ക് എത്രത്തോളം കഴിഞ്ഞിട്ടുണ്ടെന്ന കാര്യം ചിന്തിക്കേണ്ട വിഷയമാണ്. നമ്മുടെ പ്ലാന്റേഷൻ മേഖലയും ബാങ്കിങ് സംവിധാനങ്ങളും കയറ്റുമതി സാധ്യതകളുമെല്ലാം അതിനു പര്യാപ്തമായിരുന്നു. എന്നിട്ടും മൂലധന രൂപീകരണം എന്തുകൊണ്ടാണ് ഫലപ്രദമാവാതെ പോയത്. ഈ വിഷയം കൂടുതൽ വിശദമായി പരിശോധിക്കേണ്ടതാണ്. 1947നു ശേഷം അതിനുള്ള സാധ്യതകൾ ഇല്ലാതായതാണോ? സാമ്പത്തികമായി ഉദ്ഗ്രഥനം (ഇന്റഗ്രേഷൻ) കൂടുതലാവുന്നതോടെ പ്രാദേശിക മൂലധന രൂപീകരണത്തിന്റെ സാധ്യതകൾ ഇല്ലാതാവുന്നതിന്റെ പ്രവണത ഗൗരവമായി പഠിക്കേണ്ടതാണ്. സ്വാതന്ത്ര്യത്തിനു ശേഷം ദേശീയതലത്തിൽ സ്വീകരിച്ച സ്വാശ്രയനയം കയറ്റിറക്കുമതിയെ ആശ്രയിച്ചിരുന്ന കേരളത്തിന്റെ വാണിജ്യ സാമ്പത്തിക മേഖലയെ ഏതുതരത്തിൽ ബാധിച്ചുവെന്നതും പരിശോധനയർഹിക്കുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ കേരളത്തിന്റെ ധനസ്ഥിതി കൂടുതൽ ഗുരുതരമായ പ്രതിസന്ധിയിലേക്കാണ് നീങ്ങുന്നത്. കാർഷിക മേഖല വലിയ തകർച്ച നേരിടുന്നു. റബ്ബർ പോലുള്ള നാണ്യവിളകളുടെ കാര്യത്തിൽ ഇടക്കാലത്തു പ്രകടമായ ചെറിയ ഉണർവുകൾ അപ്രത്യക്ഷമായി. ആസിയാൻ കരാർ കാലഹരണപ്പെട്ടതിനെ തുടർന്ന് അതിനേക്കാൾ വിപുലമായ മറ്റൊരു കരാറിൽ ഒപ്പുവയ്ക്കുന്നതിൽ നിന്ന് കേന്ദ്രസർക്കാർ തൽക്കാലം പിൻവാങ്ങിയെങ്കിലും ഭാവിയിൽ എന്തു സംഭവിക്കുമെന്നു പറയാനാവില്ല. ഇത്തരം അന്തർദേശീയ സ്വതന്ത്രവ്യാപാര കരാറുകളിൽ ഏർപ്പെടുന്ന രാജ്യങ്ങൾ തമ്മിൽ എത്തിപ്പെടുന്ന ചില നീക്കുപോക്കുകൾ സ്വാഭാവികമാണ്. അതായത് ഇന്ത്യ നൽകുന്ന സൗജന്യങ്ങൾക്കു പകരമായി മറുഭാഗം തിരിച്ചും ചില വിട്ടുവീഴ്ചകൾ നൽകുന്നു. ഈ കൊടുക്കൽവാങ്ങലിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾ എത്രമാത്രം സുരക്ഷിതമാണെന്ന കാര്യത്തിൽ വലിയ സംശയങ്ങളുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയുടെ കാര്യത്തിൽ ഈ കരാറുകൾ ഒട്ടും സുരക്ഷിതമായിരുന്നില്ലെന്നാണ് ഇതുവരെയുള്ള അനുഭവം. കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായുള്ള പ്രശ്നങ്ങളാണ് മറ്റൊരു പ്രതിസന്ധി. നമ്മുടെ സ്വാഭാവികമായ നീരൊഴുക്കുകളും ചിറകളുമെല്ലാം വലിയ തോതിൽ ഇല്ലാതായിട്ടുണ്ട്. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട പല പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ് ഇതെല്ലാം. ഈ പ്രതികൂലസാഹചര്യങ്ങളിൽ ജനങ്ങൾ കാർഷികവൃത്തിയിലേക്ക് ആകർഷിക്കപ്പെടുമെന്നു കരുതാൻ ന്യായമില്ല.

നമ്മുടെ വ്യവസായ മേഖല പേരിനു മാത്രമാണ് നിലനിൽക്കുന്നത്. ടെർഷ്യറി സെക്ടർ എന്നറിയപ്പെടുന്ന സേവനമേഖലയാണ് ചലനാത്മകത നിലനിർത്തുന്ന മേഖല. അടിസ്ഥാന മേഖലകളുടെ പിന്തുണയില്ലാതെ ഈ മേഖല മാത്രം എത്ര കാലം മുന്നോട്ടുപോവും എന്ന വിഷയമുണ്ട്. പ്രവാസികളിൽ



നിന്നും ലഭിക്കുന്ന വരുമാനം ഒരു പരിധിവരെ ഈ മേഖലയെ തുണയ്ക്കും. പക്ഷേ, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ പ്രത്യക്ഷമായ ഒരു പങ്കു വഹിക്കുന്നതിന് പ്രവാസി വരുമാനം ഉതകില്ല. കാരണം ഈ വരുമാനത്തിന്റെ മേൽ ഏതെങ്കിലും നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ല. ഇന്ത്യാ ഗവൺമെന്റിന്റെ വിദേശനാണയ ശേഖരത്തിനുള്ള മുതൽക്കൂട്ടാണ് ആ വരുമാനം. അതിന്റെ പ്രയോജനം സംസ്ഥാനങ്ങൾക്കു കൂടി ലഭിക്കുന്നതിനുള്ള പരിപ്രേക്ഷ്യങ്ങൾ ഇനിയും ഉരുത്തിരിഞ്ഞിട്ടില്ല. കേരളത്തിന്റെ പ്രവാസി വരുമാനത്തിന്റെ പ്രധാനകേന്ദ്രം ഗൾഫ് മേഖലയാണ്. ഒട്ടും സുരക്ഷിതമല്ലാത്ത ഏതു സമയത്തും പലതരത്തിലുള്ള സംഘർഷങ്ങൾ പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ള മേഖലയാണിത്. വളരെ ഫ്രജൈൽ എന്നു പറയാവുന്ന സ്ഥലം. കുവൈത്ത് പ്രതിസന്ധിയുടെ കാലത്ത് നാം അതനുഭവിച്ചതാണ്. ഗൾഫിൽ നിന്നുള്ള വരുമാനം സ്ഥായിയായ ഒരു സ്രോതസ്സായി ഇനിയുള്ള കാലം കണക്കാക്കുന്നത് വളരെ കരുതലോടെ വേണം.

*ചോ: പല നിലകളിൽ കേരളം അഭിമുഖീകരിക്കുന്ന ഈ പ്രതിസന്ധികളെ ഏതു നിലയിലാണ് തരണം ചെയ്യാനാവുക?*

ഉ: ദീർഘകാല വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ബോധപൂർവമായി പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. ഐ ടി മേഖലയിലും മറ്റും ചെന്നൈ, ബംഗളൂരു, ഹൈദരാബാദ് തുടങ്ങിയ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളായ ചെറുപ്പക്കാരിൽ പലരും നാട്ടിൽ മടങ്ങി വരുന്നതിന് താൽപര്യമുള്ളവരാണ്. ശമ്പളം താരതമ്യേന കുറഞ്ഞാലും തത്തുല്യമായ അവസരങ്ങൾ ഉണ്ടെങ്കിൽ മടങ്ങി വരുന്നതിനു പലരും തയ്യാറുമാണ്. അതായത് ഒരു ജോലിയിൽ നിന്നും മറ്റൊന്നിലേക്കു മാറുന്നതിനുള്ള അവസരം. അതുപോലെ തന്നെ പ്രധാനമായ മറ്റൊരു കാര്യം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം. ഡെൽഹി, ചെന്നൈ തുടങ്ങിയ സ്ഥലങ്ങളിൽ ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കേരളത്തിൽ ലഭ്യമല്ല. ഇതെല്ലാം ഇപ്പോൾ പ്രധാനമാണ്.

*ചോ: കേരള മാതൃകയെപ്പറ്റിയുള്ള സംവാദങ്ങൾ പൊതുമണ്ഡലത്തിൽ വ്യാപകമാവുന്നതിന്റെ പശ്ചാത്തലത്തിലാണ് താങ്കളുടെ വിഖ്യാതമായ 'ലിമിറ്റ്സ് ടു കേരള മോഡൽ' എന്ന കൃതി പുറത്തു വരുന്നത്. അതിന്റെ സാഹചര്യമെന്താണ്?*

ഉ: കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സാമ്പത്തിക വിനിമയങ്ങളുമായി ബന്ധപ്പെട്ട ഗവേഷണവുമായാണ് ഞാൻ തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ എത്തുന്നത്. കെ ടി രാംമോഹൻ (പിൽക്കാലത്ത് എം ജി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് സോഷ്യൽ സയൻസിന്റെ ഡീൻ ആയിരുന്ന) അവിടെ ഗവേഷണ വിദ്യാർത്ഥി ആയിരുന്നു. കേരളത്തിന്റെ സാമ്പത്തിക മേഖലയെപ്പറ്റി ഞങ്ങൾ തമ്മിൽ സ്ഥിരമായി ആശയവിനിമയം നടത്തുമായിരുന്നു. വിപുലമായ ഒരു സർക്കിളിൽ ഈ വിഷയം അക്കാലത്ത് ചർച്ച ചെയ്തിരുന്നു. ഈ ചർച്ചകളായിരുന്നു പ്രസ്തുത പഠനത്തിന്റെ അടിയന്തര പ്രേരണ.

(പ്രഫ. കെ കെ ജോർജ് സാറുമായി 2020 മാർച്ച് മാസത്തിൽ അംബിക, ബി എസ് ബാബുരാജ്, കെ ഡി മാർട്ടിൻ, കെ പി സേതുനാഥ് എന്നിവർ നടത്തിയ സംഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ)